"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- ജനറൽ ഇലക്ഷൻ 2024- ജീവനക്കാരുടെ സ്ഥലംമാറ്റ നിയമന ഉത്തരവ്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.146/2024/AGRI തീയതി,തിരുവനന്തപുരം, 15-02-2024

പരാമർശം:- 1. സ.ഉ.(സാധാ) നം 93/2024/കൃഷി തീയതി 27/01/2024

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 07/02/2024 ലെ ADFW/653/2024-SB(1) നമ്പർ കത്ത്.

**ഉത്തരവ്**

2024 ലെ ലോക് സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് ARO മാരെ നിയമിക്കുന്നതിനായി കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ പരാമർശം (1) പ്രകാരം സ്ഥലംമാറ്റം നടത്തി സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിൽ കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസറായി (ARO Assembly Constituency 124- Kollam) നിയമിതനായ കൃഷി ജോയിന്റ് ഡയറക്ടർ ശ്രീ.മോഹൻദാസ്.കെ. കേന്ദ്ര സർക്കാരിന്റെ പൈലറ്റ് ഡിജിറ്റൽ ക്രോപ്പ് സർവ്വേ പദ്ധതി പ്രകാരം അനുമതി ലഭിച്ച കേരള കൃഷി ഹബ്ബിന്റെ മേൽനോട്ടച്ചുമതല വഹിക്കുന്നതിനാലും നബാർഡുമായി ധാരണാപത്രം ഒപ്പിട്ട ഉദ്യോഗസ്ഥൻ എന്ന നിലയിലും തിരുവനന്തപുരത്ത് തുടരേണ്ടത് വകുപ്പിന് അത്യന്താപേക്ഷിതമാണെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മോഹൻദാസ് തിരുവനന്തപുരത്ത് തുടരേണ്ട സാഹചര്യം പരിഗണിച്ച് പരാമർശം (1) ഉത്തരവ് ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിലെ തസ്തിക | മാറ്റി നിയമിക്കുന്ന തസ്തിക |
|---|---|---|
| 1 | ശ്രീമതി.സിന്ധുദേവി.പി, കൃഷി ജോയിന്റ് ഡയറക്ടർ (WM) കൃഷി ഡയറക്ടറേറ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം (ARO Assembly Constituency 124-Kollam) |
| 2 | ശ്രീ.മോഹൻദാസ്.കെ , കൃഷി ജോയിന്റ് ഡയറക്ടർ (VC), കൃഷി ഡയറക്ടറേറ്റ് | പ്രോജക്ട് ഡയറക്ടർ, ആത്മ, തിരുവനന്തപുരം |
| 3 | ശ്രീമതി. പ്രീത പോൾ. പി. പ്രോജക്ട് ഡയറക്ടർ, ആത്മ, തിരുവനന്തപുരം | കൃഷി ജോയിന്റ് ഡയറക്ടർ (WM), കൃഷി ഡയറക്ടറേറ്റ് |

3. വകുപ്പിലെ ഐ.റ്റി. സംബന്ധിയായ എല്ലാ ചുമതലകളും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി) നിർവഹിക്കേണ്ടതും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി) തസ്തികയിൽ നിയമിതനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർക്ക് കേരള കൃഷി ഹബ്ബിന്റെ മേൽ നോട്ടച്ചുമതല ഉടൻ പ്രാബല്യത്തിൽ കൈമാറേണ്ടതുമാണ്.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് ഹനീഫ.എം.എം.**

അഡിഷണൽ സെക്രട്ടറി

ചീഫ് ഇലക്ടറൽ ഓഫീസർ, കേരളം
കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കൃഷി വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
AGRI-EA1/13/2024-AGRI നമ്പർ തീർപ്പ ഫയൽ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (**AGRI-EA1/31/2024-AGRI**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ